പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4920 — 21.10.2011 ൽ മറുപടിക്ക്

## കുട്ടികൾക്കായി ടൂറിംഗ് ടാക്കീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എം.പി. വിൻസെന്റ് : | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) |
| (എ) | സ്കൂൾ കുട്ടികൾക്കുവേണ്ടി ടൂറിംഗ് ടാക്കീസ് നടത്തുവാൻ ചലച്ചിത്ര അക്കാഡമി തീരുമാനിച്ചിട്ടുണ്ടോ ; | (എ) | സ്കൂളുകൾ ആവശ്യപ്പെടുന്നതനുസരിച്ച് ടൂറിംഗ് ടാക്കീസ് പരിപാടികൾ ഇപ്പോൾത്തന്നെ ചലച്ചിത്ര അക്കാദമി നടത്തിവരുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സ്കൂളുകളിൽ 2011 സെപ്തംബർ 14 ന് തുടങ്ങി ഒക്ടോബർ 14 ന് അവസാനിച്ച ടൂറിംഗ് ടാക്കീസ് പ്രോഗ്രാം ചിൽഡ്രൻസ് ഫിലിം സൊസൈറ്റി ഓഫ് ഇൻഡ്യയുടെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ അക്കാദമി ഇപ്പോൾ നടപ്പാക്കി. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിവരിക്കുമോ ; | (ബി) | കുട്ടികളിൽ നല്ല സിനിമകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് അക്കാദമി ഈ സംരംഭത്തിന് തുടക്കമിട്ടത്. ഇതനുസരിച്ച് സ്കൂളുകളുടെ ആവശ്യാനുസരണം സ്ക്കൂളുകളിൽ ചെന്ന് സിനിമ കാണിക്കുന്ന പ്രവർത്തനമാണ് ടൂറിംഗ് ടാക്കീസ് നടത്തുന്നത്. |
| (സി) | ചലച്ചിത്ര പ്രദർശനത്തിനു പുറമേ സിനിമയുടെ വിവിധ വശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ഉദ്ബുദ്ധരാക്കുവാൻ വിദഗ്ധരെക്കൊണ്ട് പ്രഭാഷണങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | സംസ്ഥാനത്തെ മൂന്ന് സോണുകളായി തിരിച്ച് എല്ലാ വേനലവധിക്കാലത്തും കുട്ടികൾക്കു വേണ്ടി അഞ്ച് ദിവസം നീണ്ടു നിൽക്കുന്ന ചലച്ചിത്രാസ്വാദന പഠന ക്യാമ്പ് അക്കാദമി അഞ്ച് വർഷമായി നടത്തിവരുന്നു. ഇതിൽ ഓരോ സോണിലും 50 കുട്ടികളെവീതമാണ് പങ്കെടുപ്പിക്കുന്നത്. സിനിമയുടെ സാങ്കേതിക വശം ഉൾപ്പെടെ എല്ലാ മേഖലകളെക്കുറിച്ചും കുട്ടികൾക്ക് വിദഗ്ധർ ക്ളാസ്സുകൾ നൽകിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇതു നടത്താൻ ഉദ്ദേശിക്കുന്നത് ; | (ഡി) & (ഇ) | ഇപ്പോൾത്തന്നെ ഇത് ഒരു സ്ഥിരം സംവിധാനമായിട്ടാണ് നടത്തിവരുന്നത്. |
| (ഇ) | ഇത് ഒരു സ്ഥിരം സംവിധാനമാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ